4521
7/3/19

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- ആർമിയിൽ സേവനത്തിലിരിക്കെ, ജമ്മുകാശ്മീരിൽ വച്ച് ഭീകരാക്രമണത്തിൽ മരണപ്പെട്ട രതീഷ്.സി യുടെ ഭാര്യ ശ്രീമതി.ജ്യോതി കൃഷ്ണകുമാർ.എ-യ്ക്ക്, പ്രത്യേക കേസായി പരിഗണിച്ച്, സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയിൽ, തൊഴിൽ സഹായം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ വകുപ്പ്**

**സ.ഉ.(കൈ)നം.49/2019/പൊ.ഭ.വ തീയതി, തിരുവനന്തപുരം : 06.03.2019**

---

പരാമർശം:- ശ്രീമതി.ജ്യോതി കൃഷ്ണകുമാർ.എ-യുടെ 18.07.2017 ലെ അപേക്ഷ.

## ഉത്തരവ്

1. ആർമിയിൽ നായിക് ആയി സേവനമനുഷ്ഠിക്കവേ 17.12.2016 ൽ ജമ്മുകാശ്മീരിൽ വച്ച് ഭീകരാക്രമണത്തിൽ മരണപ്പെട്ട രതീഷ്.സി യുടെ ഭാര്യ ശ്രീമതി.ജ്യോതി കൃഷ്ണകുമാർ.എ, 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള, തൊഴിൽ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം പ്രകാരം , അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ജമ്മുകാശ്മീരിലെ പാംപോറിൽ വച്ച് 17.12.2016 ൽ ഭീകരാക്രമണത്തിൽ മരണപ്പെട്ട, നായിക് രതീഷ്.സി യുടെ മരണം, "Attributable to Military Service" ആണെന്ന് ഇന്ത്യൻ ആർമിയുടെ ആർട്ടിലറി റെക്കോർഡ്സ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ, നായിക് രതീഷ്.സി യുടെ ഭാര്യ, ശ്രീമതി.ജ്യോതി കൃഷ്ണകുമാർ.എ, 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹയാണെന്ന് കാണുകയുണ്ടായി.

3. മരണപ്പെടുന്ന /കാണാതാകുന്ന /അംഗഭംഗം സംഭവിക്കുന്ന ജവാന്മാരുടെ ആശ്രിതർക്ക് , തൊഴിൽ സഹായം നൽകുന്നതുമായി ബന്ധപ്പെട്ട, 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ , സബോർഡിനേറ്റ് സർവ്വീസിലെ / ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ / പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസിലെ ക്ലാസ്സ് III / IV ലെ Lowest Grade ൽ നിയമനം നൽകാനാണ് വ്യവസ്ഥയുള്ളത്. എന്നാൽ സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനാണ് , ശ്രീമതി.ജ്യോതി കൃഷ്ണകുമാർ.എ, പരാമർശം പ്രകാരമുള്ള അപേക്ഷയിൽ , പ്രഥമ പരിഗണന നൽകിയിരുന്നത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ജ്യോതി കൃഷ്ണകുമാർ.എ-യ്ക്ക്, സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുന്നതിന്, തൊഴിൽ സഹായവുമായി ബന്ധപ്പെട്ട 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ, ഇളവ് ആവശ്യമാണെന്ന് കാണുകയുണ്ടായി.

5. ഈ സാഹചര്യത്തിൽ , ഭീകരാക്രമണത്തിൽ മരണപ്പെട്ട രതീഷ്.സി യുടെ ഭാര്യ ശ്രീമതി.ജ്യോതി കൃഷ്ണകുമാർ.എ-യുടെ സഹതാപാർഹമായ സാഹചര്യം കണക്കിലെടുത്ത്, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, നിയമനം നൽകേണ്ട, കാറ്റഗറി സംബന്ധിച്ച വ്യവസ്ഥയിൽ, ഇളവ് അനുവദിച്ച്, ശ്രീമതി.ജ്യോതി കൃഷ്ണകുമാർ.എ, W/o (Late) 15147386XNK രതീഷ്.സി, ശ്രീനിലയം, കുറ്റിയാറ്റൂർ.പി.ഒ, തളിപറമ്പ്, കണ്ണൂർ - ന് സെക്രട്ടറിയേറ്റ് അസിസ്റ്റന്റിന്റെ , സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്, നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. 23.03.2018 ലെ സ.ഉ(കൈ)71/2018/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ , മാർഗ്ഗരേഖകൾക്കനുസരണമായി , പൊതുഭരണ വകുപ്പ്, ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സുമന.എൻ.മേനോൻ**
**ഗവൺമെന്റ് സെക്രട്ടറി**

പകർപ്പ്-

1. ശ്രീമതി.ജ്യോതി കൃഷ്ണകുമാർ.എ, W/o (Late) 15147386XNK രതീഷ്.സി, ശ്രീനിലയം, കുറ്റിയാറ്റൂർ.പി.ഒ, തളിപറമ്പ്, കണ്ണൂർ (Regd post with A/D)
2. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. തിരുവനന്തപുരം
4. പൊതുഭരണ (എസ്.സി) വകുപ്പിന് (05.03.2019-ാം തീയതിയിലെ ഇനം നമ്പർ OA 2926 പ്രകാരം)
5. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്
6. ധനകാര്യ വകുപ്പിന്.
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി. (ബന്ധപ്പെട്ട രേഖകൾ സഹിതം)
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 05-03-2019

ഫയൽ നം.SW2/120/2017/പൊ.ഭ.വ. ഇനം നം: 2926

O.A.

വിഷയം : സൈനിക ക്ഷേമ വകുപ്പ് - ആർമിയിൽ നായിക് ആയി സേവനമനുഷ്ഠിക്കവേ 17.12.2016-ൽ ജമ്മു കാശ്മീരിൽ വച്ച് ഭീകരാക്രമണത്തിൽ മരണപ്പെട്ട രതീഷ് സി.-യുടെ ഭാര്യ ശ്രീമതി ജ്യോതി കൃഷ്ണകുമാരി എ.-യ്ക്ക് 29.04.2002-ലെ സ.ഉ.(പി) നം.110/02/പൊ.ഭ.വ. ഉത്തരവിലെ നിയമന കാറ്റഗറിയിൽ ഇളവനുവദിച്ച് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുന്നത്.

തീരുമാനം : സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് കുറിപ്പിലെ നിർദ്ദേശം അംഗീകരിക്കുവാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 23.03.2018 തീയതിയിലെ സ.ഉ.(കൈ) 7/2018/പൊ.ഭ.വ. നമ്പർ ഉത്തരവിലെ മാർഗ്ഗരേഖകൾക്ക് അനുസൃതമായുള്ള നടപടി സ്വീകരിക്കേണ്ടതാണ്

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

0 7 MAR 2019

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സൈനിക ക്ഷേമ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

(P.T.O)